# യേശുവിന്റെ ഒരു തുള്ളി രക്തത്തിന്റെ ശക്തി

മരിയ വിയാനിയമ്മ

പ്രസിദ്ധ ആംഗ്ളേയ സാഹിത്യകാരനായ ക്രിസ്റ്റഫർ മാർലോയുടെ ഒരു ദുരന്തനാടക (tragedy) മാണ് 'ഡോ. ഫോസ്റ്റസ്' .വലിയ വിജ്ഞാനദാഹിയായ ഫോസ്റ്റസിന് ദൈവശാസ്ത്രം, വൈദ്യശാസ്ത്രം, തത്വശാസ്ത്രം എന്നുവേണ്ട, അനേകം വിഷയങ്ങളിൽ പ്രാവീണ്യം നേടിയിട്ടും തൃപ്തി വന്നില്ല. അവസാനം 'ബ്ളാക്ക് മാജിക്കി'ലൂടെ അന്ധകാരശക്തികളുമായി കൂട്ടുചേർന്ന് പിശാചുക്കളുടെ തലവനായ ലൂസിഫറുമായി ഡോ. ഫോസ്റ്റസ് ഒരു ഉടമ്പടി ചെയ്യുന്നു. ഇരുപതു വർഷത്തേയ്ക്ക് ഈ ലോകത്തിലെ സകല അറിവും സ്ഥാനങ്ങളും ഡോ. ഫോസ്റ്റസിന് വാഗ്ദാനം ചെയ്ത ലൂസിഫർ ഇരുപതു വർഷങ്ങൾക്കു ശേഷം ഫോസ്റ്റസിന്റെ ആത്മാവ് തനിക്ക് നൽകണമെന്നാവശ്യപ്പെട്ടു.

'ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവു നഷ്ടമായാൽ എന്തു പ്രതിഫലം'. എന്ന വചനത്തിന്റെ അർത്ഥം യഥാർത്ഥത്തിൽ ഗ്രഹിക്കാതിരുന്ന ഡോ.ഫോസ്റ്റസ് സ്വന്തം രക്തം കൊണ്ടാണ് ഈ ഉടമ്പടിയിൽ ഒപ്പു വയ്ക്കുന്നത്. ഏതായാലും ഇരുപതു വർഷത്തേക്ക് ഡോ. ഫോസ്റ്റസ് ആഗ്രഹിച്ചതുപോലെയെല്ലാം അയാൾക്കു ലഭിച്ചു. ലോകത്തിൽ ഒന്നും അദ്ദേഹത്തിന് അപ്രാപ്യമായിരുന്നില്ല. ഇരുപതു വർഷം കഴിയാറായപ്പോൾ ജീവിതത്തിന്റെ അവസാന നിമിഷം ഡോ. ഫോസ്റ്റസ് യേശുവിനെ കാണുന്നുണ്ട്. യേശുവിന്റെ രക്തം ലോകം മുഴുവൻ വ്യാപിച്ച് ലോകത്തെ രക്ഷിക്കുന്നു. എന്നാൽ സ്വരക്തം കൊണ്ട് സാത്താന് തന്റെ ആത്മാവിനെ സമർപ്പിച്ച ഡോ. ഫോസ്റ്റസിന് അതിന്റെ ഭാഗഭാഗിത്വം ലഭിക്കുന്നില്ല. ഇരുപതു വർഷം തികയുന്ന നിമിഷത്തിൽ ലൂസിഫറും പരിവാരവും അലറി അട്ടഹസിച്ച് വന്ന് ഡോ. ഫോസ്റ്റസിന്റെ നെഞ്ച് പിളർന്ന്, ആത്മാവിനെ നരകത്തിലേക്ക് കൊണ്ടുപോകുന്ന ഭയാനകമായ രംഗത്തോടെയാണ് നാടകം അവസാനിക്കുന്നത്.

**'ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ചുകൊണ്ട്, നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നൽകും. (മത്തായി: 4-9)** എന്ന ദൈവപുത്രനായ ഈശോയോടുപോലും സാത്താൻ പറയുന്നുണ്ട്. തെറ്റായ വഴികളിലൂടെ സമ്പത്തു നല്കാൻ സാത്താൻ കൂടെയുണ്ട്. ഭീകരമായൊരന്ത്യവും നിത്യമായ നാശവും കാത്തുകിടപ്പുണ്ടെന്ന് മാത്രം. ഈ ലോക ജീവിതകാലത്തും മരണശേഷവും നമുക്കേറ്റവും അത്യാവശ്യം ഈശോയുടെ പരിശുദ്ധ രക്തം തന്നെയാണ്. യേശുവിന്റെ രക്തത്തിന്റെ ശക്തി നമ്മുടെ മനുഷ്യമനസ്സുകൾക്ക് മനസിലാക്കാൻ പറ്റുന്നതിലും എത്രയോ അപ്പുറമാണ്. ഏൽപ്പിക്കപ്പെട്ട ഏതു കാര്യവും ചെയ്യുന്നതിനു മുമ്പായി ഈശോയുടെ തിരുരക്തം കൊണ്ട് കഴുകപ്പെടാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു പ്രാർത്ഥിക്കുക. പഞ്ചേന്ദ്രിയങ്ങളെയും, ചിന്ത, ഭാവന, ബുദ്ധി, ഓർമ്മ, കല്പനാശക്തി, ഇച്ഛാശക്തി ഇവയെല്ലാം തിരുരക്തത്താൽ ഓരോ നിമിഷവും കഴുകി ചെയ്യുന്ന ഏതൊരു പ്രവർത്തിയും വലിയ വിജയത്തിലെത്തും.

ഞങ്ങൾക്കുവേണ്ടി യേശുവിന്റെ തിരുരക്തം കാഴ്ചവെച്ച് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടതായി പല വിശുദ്ധരും അവരുടെ ജീവചരിത്രങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഉദാ.വി. ഫൗസ്റ്റീന, വി. എവുപ്രാസ്യമ്മ, വി. മറിയംത്രേസ്യ തുടങ്ങിയവർ.സമരസഭയായ

ഈ ഭൂമിയിലെ ജീവിതത്തിൽ നാം എന്നും തിന്മയുടെ ശക്തികൾക്കെതിരെയുള്ള പോരാട്ടങ്ങളിലാണല്ലോ. ഈ സമരത്തിൽ വിജയിക്കാൻ നമ്മെ ഏറ്റവുമധികം സഹായിക്കുന്നത് യേശുവിന്റെ രക്തത്തിന്റെ സംരക്ഷണം തന്നെയാണ്.

ഈശോയുടെ ഓരോ തുള്ളി രക്തത്തിനും തിന്മയുടെ മേലും, പൈശാചിക ശക്തികളുടെ മേലും നൂറ് ആറ്റംബോംബ് ഒന്നിച്ച് പൊട്ടിയാലുള്ള ശക്തിയുണ്ട്. തിരുരക്തത്തിന്റെ ശക്തിയാൽ അവിടുന്നു മനുഷ്യകുലത്തെ രക്ഷിക്കുകയും സാത്താനെയും അവന്റെ അനുയായികളെയും തകർക്കുകയും, ലോകത്തെയും നരകത്തെയും മരണത്തെയും പരാജയപ്പെടുത്തുകയും ചെയ്തു. ഓരോ ദിവസവും അർപ്പിക്കുന്ന അനേകം ദിവ്യബലികളിൽനിന്നും ഒഴുകിയിറങ്ങുന്ന സമുദ്രസമാനമായ തിരുരക്തം പാപത്തിൻ മേലും, പൈശാചിക ശക്തികളുടെ മേലും ഓരോ വലിയ അണുവായുധ സ്ഫോടനം പോലെ പതിക്കുകയും അവയെ നശിപ്പിച്ചുകളയുകയും ചെയ്യുന്നു.

പരിശുദ്ധ കുർബ്ബാനയിൽ ഭക്തിയോടെ പങ്കുകൊള്ളുന്നതും പരിശുദ്ധ കുർബ്ബാന ചൊല്ലിച്ചു കാഴ്ചവയ്ക്കുന്നതുമാണ് നമ്മുടെ പാപ പരിഹാരത്തിനും ശുദ്ധീകരണവാസികളെ രക്ഷിക്കുന്നതിനുമുള്ള ഏറ്റവും നല്ല മാർഗ്ഗം. ജപമാല പ്രാർത്ഥനയിലൂടെ നമുക്കും ശുദ്ധീകരണാത്മാക്കൾക്കും വലിയ ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതുകൊണ്ടാണ് ജപമാലയ്ക്ക് തിരുസഭ ഇത്രയും പ്രാധാന്യം നൽകുന്നത്. ജപമാല പ്രാർത്ഥന ചൊല്ലിയും കരുണ കൊന്തവഴിയും, തിരുരക്ത ജപമാല പ്രാർത്ഥനയിലൂടെയും, ആശയടക്കങ്ങൾ, ത്യാഗപ്രവർത്തികൾ, പുണ്യപ്രവർത്തികൾ എന്നിവയിലൂടെയും, നമ്മുടെ ജീവിതത്തിലെ കുരിശുകളും സഹനങ്ങളും കഷ്ടപ്പാടുകളും സ്നേഹത്തോടെ സഹിച്ച് യേശുവിന്റെ ബലിയോടു ചേർത്ത് കാഴ്ചവെയ്ക്കുന്നതിലൂടെയും നമുക്ക് ശുദ്ധീകരണവാസികളെ സഹായിക്കാനും മരണശേഷമുള്ള നമ്മുടെ ശുദ്ധീകരണവാസം കുറക്കാനും കഴിയും.

കടപ്പാട് : ആകാശപ്പറവകളുടെ കൂട്ടുകാർ – നവംബർ 2012